93 (1002) പുനലൂരിലെ കെ.എസ്.ഇ.ബി.ഓഫീസുകൾ

ശ്രീ. പി.എസ്. സുപാൽ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂരിൽ കെ.എസ്.ഇ.ബി.യുടെ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) ഇവയിൽ ഏതെല്ലാം ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു;

(സി) ഈ ഓഫീസുകൾക്കായി വാടകയിനത്തിൽ പ്രതിവർഷം എത്ര രൂപ ചെലവാകുന്നു;

(ഡി) ഈ ഓഫീസുകൾ പ്രവർത്തിപ്പിക്കുവാൻ പുനലൂരിൽ ഒരു വൈദ്യുതിഭവൻ നിർമ്മിക്കണമെന്ന നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(എഫ്) പുനലൂർ ഡിവിഷനിൽപ്പെട്ട കുളത്തൂപ്പുഴയിൽ കെ.എസ്.ഇ.ബി.യ്ക്ക് സ്വന്തമായി സ്ഥലമുണ്ടോ;

(ജി) എങ്കിൽ ഇതിന്റെ വിസ്തീർണ്ണം എത്ര;

(എച്ച്) ഈ സ്ഥലം എന്നുമുതൽ കെ.എസ്.ഇ.ബി.യുടെ കൈവശത്തിലാണ് എന്നറിയിക്കുമോ; വിശദാംശം വ്യക്തമാക്കാമോ;

(ഐ) കുളത്തൂപ്പുഴയിലെ വർദ്ധിച്ചുവരുന്ന ഉപഭോക്താക്കളുടെ എണ്ണം പരിഗണിച്ച് ഇവിടെ ഒരു സെക്ഷൻ ഓഫീസ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഏഴ് ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഇലക്ട്രിക്കൽ ഡിവിഷൻ ആഫീസ്, ബില്ലിംഗ് സൂപ്പർവിഷൻ യൂണിറ്റ് എന്നിവ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

(സി) പ്രതിവർഷം 1,50,000 രൂപ.

(ഡി) ഉണ്ട്.

(ഇ) പുനലൂരിൽ വൈദ്യുതി ബോർഡിന് സ്വന്തമായുള്ള സ്ഥലത്ത് ഒരു വൈദ്യുതി ഭവൻ പണിയാൻ കഴിയുമോയെന്ന കാര്യം വൈദ്യുതി ബോർഡ് പരിശോധിച്ചു വരികയാണ്.

(എഫ്) ഉണ്ട്.

(ജി) 19 സെന്റ്.

(എച്ച്) പത്തനാപുരം തഹസിൽദാരുടെ 4-10-66 ലെ ഉത്തരവു പ്രകാരം ബോർഡിന് അലോട്ടു ചെയ്തിട്ടുള്ളതാണ് ഈ വസ്തു.

(ഐ) സർക്കാർ പ്രഖ്യാപിച്ച പുതിയ വൈദ്യുതി നയം നടപ്പാക്കി കഴിഞ്ഞു മാത്രമേ ബോർഡ് പുതിയ ആഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly